**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5973** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. യിൽ നിന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. യിൽ നിന്നു ലഭ്യമാകുന്ന പണത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കുവാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | 2017-18 സാമ്പത്തിക വർഷം ചരക്ക് സേവന നികുതി നിലവിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം 30.10.2018ലെ സ.ഉ.(സാധാ)നം: 8957/2018/ധന പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.<br><br>ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം ഭാഗ റിപ്പോർട്ടിലെ പതിനഞ്ചാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാന പ്രകാരം 2020-21-ൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന്, വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതു വഴി ഉണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കുന്നതാണ് എന്ന് 08.01.2021-ലെ സ.ഉ.(എംഎസ്)നം.6/2021/ധന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും കോവിഡ്-19 മൂലം സിനിമ തിയേറ്ററുകൾ അടഞ്ഞു കിടന്നതിനാൽ വിനോദ നികുതി ഗണ്യമായി പിരിച്ചിട്ടില്ല. ആയതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ട എന്ന് 04.11.2022ലെ സ.ഉ.(സാധാ) നം: 7455/2022/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ